DESPATCHED On...13/3/2020

21/01/2020


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1101(5)/19/SIC

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No.8356/SIC-G7/2019

സന്നിഹിത

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Shri. Anilkumar.S,
A-6 Sree Parvathy Apts,
Elamakkara, Kochi- 682 026. } Appellant

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം.

അപ്പീൽ അധികാരി &
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
ട്രാഫിക് സൗത്ത് സബ്-ഡിവിഷൻ,
തിരുവനന്തപുരം സിറ്റി. } എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | ---- |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 04.02.2019 |
| ഒന്നാം അപ്പീൽ | 06.03.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 30.03.2019 |
| രണ്ടാം അപ്പീൽ | 16.05.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 14.01.2020, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു (പ്രതിനിധി)<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിലെ ക്രൈം 417/2018 -ാം നമ്പർ കേസിലെ എഫ്.ഐ.ആർ, എഫ്.ഐ.എസ് മൊഴി പകർപ്പുകൾ, വാഹനമഹസ്സറുകൾ, കൃത്യസ്ഥല മഹസ്സറുകൾ, എ.എം വി1 റിപ്പോർട്ടുകൾ നോട്ടീസുകൾ, മറുപടികൾ, ജാമ്യ കൈച്ചീട്ടുകൾ, റിപ്പോർട്ടുകൾ, വൂണ്ട് സർട്ടിഫിക്കറ്റ്, ചാർജ് ഷീറ്റ്, ആർ.സി ബുക്കുകൾ, ഇൻഷുറൻസ് സർട്ടിഫിട്ടുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ, പെർമിറ്റ്, ഫിറ്റ്നെസ് എന്നിവയുടെ പകർപ്പുകളാണ്.

2. മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷിയിൽ നിന്ന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട എഫ്.ഐ.ആറിന്റെ പകർപ്പ് ഒന്നാം എതിർകക്ഷിയിൽ നിന്ന് ടിയാന് ലഭിച്ചിട്ടുണ്ട് എന്നും ടി കേസുകൾ ബഹു. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതാകയാൽ റിക്കാർഡുകൾ നൽകുന്ന പക്ഷം പ്രോസിക്യൂഷനെ ബാധിക്കുമെന്ന് ഉത്തമ വിശ്വാസമുള്ളതിനാൽ വിവരാവകാശ നിയമം വകുപ്പ് 8(1)(എച്ച്) പ്രകാരം നൽകാൻ നിർവ്വാഹമില്ല എന്നറിയിച്ചിരുന്നു എന്നും ആയതിനാൽ ടി കേസുകളുടെ റിക്കാർഡുകൾ ബന്ധപ്പെട്ട കോടതിയിൽ നിയമാനുസരണമുള്ള ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണ് എന്നും അറിയിച്ച് കൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കി.

3. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും ആവശ്യപ്പെട്ട വിവരവും പകർപ്പുകളും ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

4. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷിയുടെ പ്രതിനിധി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും എസ്.പി.ഐ.ഒ തയ്യാറാക്കിയ റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. അപ്പീൽഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ക്രൈം 417/2018 നമ്പർ കേസിന്റെ എഫ്. ഐ. ആറിന്റെ പകർപ്പ് ടിയാന് നൽകി എന്നും തുടർന്ന് ബഹു. സംസ്ഥാന പോലീസ് മേധാവിയുടെ മെസേജ് പ്രകാരം അപകടം സംബന്ധിച്ച് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ റിക്കാർഡുകൾ നൽകണമെന്ന അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് നിലവിൽ ചാർജ്ഷീറ്റ് ഉൾപ്പെടെയുള്ള റിക്കാർഡുകൾ നൽകി വരികയാണ് എന്നും പരാതിക്കാരൻ ആവശ്യപ്പെടുന്ന മുറയ്ക്ക് കേസിന്റെ രേഖകൾ നൽകുന്നതാണെന്നുമാണ്.

5. ഇന്ത്യയിലെ വിവിധ ഹൈക്കോടതികളിലും പരമോന്നത നീതിപീഠമായ ബഹു. സുപ്രീം കോടതിയിലും വിവിധ ഉത്തരവുകളിൽ വാഹനാപകടകേസുകളുടേയും മറ്റും റിക്കോർഡുകൾ ഇൻഷുറൻസ് കമ്പനി ആവശ്യപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നും നൽകണമെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട് എന്നും എതിർകക്ഷികൾ റിക്കോർഡുകൾ ലഭ്യമാക്കുന്നതിന് പറഞ്ഞിരിക്കുന്ന തർക്കങ്ങൾ വിവരാവകാശ നിയമപ്രകാരം നിലനിൽക്കുന്നതല്ല എന്നും മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് മനപൂർവ്വം എതിർകക്ഷികൾ മറുപടി നൽകാതിരുന്നതാണ് എന്നുമാണ് അപ്പീൽഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ അറിയിച്ചത്.

6. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിലെ ക്രൈം 417/2018 -ാം നമ്പർ കേസിലെ എഫ്.ഐ.ആർ പകർപ്പ് മാത്രമാണ് ടിയാന് ലഭ്യമായിട്ടുള്ളത് എന്നും മറ്റ് പകർപ്പുകൾ ടിയാന് ലഭ്യമായിട്ടില്ല എന്നും കമ്മീഷന് ബോദ്ധ്യപ്പെട്ടു.

7. മേപ്പടി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട മറ്റു വിവരങ്ങൾ/പകർപ്പുകൾ ടിയാന് ലഭ്യമാക്കാൻ കഴിയുന്നവ നൽകേണ്ടതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ പ്രസ്തുത വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖാപകർപ്പുകളും സൗജന്യമായി രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി യഥാസമയം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

8. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 21–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★